(സി) അതിൽ എത്രപേരെ തെരഞ്ഞെടുത്തു;

(ഡി) ഇല്ലെങ്കിൽ കാരണമെന്തു"?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഉവ്വ്.

(ബി) മൂന്നു നാലു് കൊല്ലങ്ങളിലായി അപേക്ഷകരം ക്ഷണിച്ചിട്ടുണ്ടു്. ഏതു കൊല്ലത്തെയാണെന്നു അറിയാതെ ഉത്തരം പറയുവാൻ നിവൃത്തിയില്ല.

(സി) ഇതേവരെ 516 അപേക്ഷകരെ തിരഞ്ഞെടുത്തിട്ടുണ്ടു്;

(ഡി) ഈ ചോദ്യം ഉദിക്കുന്നില്ല.

വനഭൂമി.

* 164. [20] ശ്രീ. പി. കുഞ്ഞൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ധനകാര്യമന്ത്രി സദയം മറുപടി പറയുമോ:

(എ) തിരുവിതാംകൂർ–കൊച്ചിയിൽ ആകെ എത്ര ഏക്കർ വനഭൂമിയുണ്ടു്;

(ബി) അതിൽ എത്ര ഏക്കർ വനസംരക്ഷണത്തിനും ക്ഷേത്രംൽപ്പാദനത്തിനുമായി വിട്ടുകൊടുത്തിട്ടുണ്ടു്;

(സി) എത്ര ഏക്കറോളം വിതരണം നടത്തിയിട്ടുണ്ടു്?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) 3052 ച. മൈൽ 7 ഏക്കർ.

(ബി) 19834 ഏക്കർ.

(സി) മേൽപ്പറഞ്ഞ സ്ഥലങ്ങളിൽ കൃഷിക്കാരുടെ കൈവശമിരിക്കുകയാണു്.

സംസ്ഥാന പുനഃസംഘടനയും രാജപ്രമുഖസ്ഥാനവും.

* 165. [22] ശ്രീ. വി. ശ്രീധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനപുനഃസംഘടന നിലവിൽ വരുന്നതോടുകൂടി രാജപ്രമുഖസ്ഥാനം നിറുത്തൽചെയ്യുവാൻ ഇടയുള്ളതായി ഗവണ്മെൻറിനു അറിവുണ്ടോ;

(ബി) ഉണ്ടെങ്കിൽ നമ്മുടെ രാജപ്രമുഖന്റെ കൊട്ടാരങ്ങളിൽ പ്രവൃത്തിയെടുക്കുന്ന 'പാലസ് കണ്ടിജൻസി' ജീവനക്കാരെ കേന്ദ്രഗവണ്മെൻറു് സർവ്വീസിലേക്കോ ഈ ഗവണ്മെൻറു സർവ്വീസിലേക്കോ എടുക്കേണ്ടതു് അത്യാവശ്യമാണെന്നു് ഗവണ്മെൻറു് കരുതുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇതിനാവശ്യമായ നടപടികൾ ഗവണ്മെൻറു് സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഉണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ല. 'പാലസ് കണ്ടിജൻസി' എന്നതിനു വിഭാഗം ജീവനക്കാർ അവിടെ ഇല്ല.

(സി) ഉത്തരം ആവശ്യമില്ല.

സംസ്ഥാനത്തെ മുൻ അഞ്ചൽ ജീവനക്കാർ.

*166. [30] ശ്രീ എൻ. നീലകണ്ഠ പണ്ടാരത്തിൽ : തഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) സംസ്ഥാനത്തെ മുൻ അഞ്ചൽ ജീവനക്കാർക്ക് പ്രസ്തുത വകുപ്പ് കേന്ദ്രവുമായി സംയോജിപ്പിച്ചപ്പോൾ എതെങ്കിലും ആനുകൂല്യങ്ങൾ കിട്ടാതെ പോയിട്ടുണ്ടോ;

(ബി) ഇതേപ്പറ്റി ഈ ഗവണ്മെൻറ് കേന്ദ്രവുമായി എന്തെങ്കിലും ആലോചനകൾ നടത്തിയിട്ടുണ്ടോ?

മരാമത്തു വകുപ്പുമന്ത്രി (ശ്രീ. കെ. പി. വേലായുധൻ) :

(എ) ഇല്ല.

(ബി) സംയോജനവ്യവസ്ഥകളെക്കുറിച്ച് കേന്ദ്രവുമായി എഴുത്തുകുത്തുകൾ നടത്തിയിട്ടുണ്ട്.

Local Development Works.

*167. [32] SHRI V. V. SEBASTIAN : Will the Minister for Local Self Government be pleased to state :

(a) what is the amount budgeted for Local Development Works during 1955–56 ;

(b) how much of this amount has been expended so far;

(c) will the scheme of Local Development Works be continued for 1956–57; and

(d) if so, will the Panchayats in the State which have not been benefited under the above scheme be given preference during 1956–57 ?

Minister for Local Self Government (SHRI K. KOCHUKUTTAN) :

(a) Rs. 30·8 lakhs.

(b) The amount expended till the end of January 1956 is Rs. 6,22,204/2/8/-

(c) The question is still under the consideration of the Government of India.

(d) Preference will be given if the work concerned will become included in the priority list as per existing rules for the execution of Local Development Works.

LIBRARY ARCHIVES Kerala Legislative Assembly